(46) ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികളുടെ കൂലി വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. പി. ജെ. ജോയി: സർ, ബാംബൂ കോർപ്പറേഷന്റെ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്നുള്ള ആവശ്യമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തൊഴിലാളികളുടെ വേതന വർദ്ധനവിന്റെ കാലാവധി കഴിഞ്ഞ ഫെബ്രുവരിയിൽ അവസാനിച്ചിരിക്കുകയാണ്. വളരെ കുറഞ്ഞ കൂലിക്ക് ജോലി ചെയ്യുന്ന തൊഴിലാളികളാണ് ഈ മേഖലയിൽ പണിയെടുക്കുന്നത്. പ്രധാനമായും തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ വ്യാപിച്ചുകിടക്കുന്ന ഈ തൊഴിലാളികൾ കൂലി കുറവാണ് എന്ന കാരണംകൊണ്ട് ഇന്നു മറ്റു ജോലികളിലേക്ക് മാറിപ്പോകുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. ഇത് ബാംബൂ കോർപ്പറേഷന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുന്നതാണ്. അടിയന്തിരമായി തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെട്ട് തൊഴിലാളികളുടെ വേതനവും ഉല്പന്നത്തിന്റെ വിലയും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാൻ ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1996 ഫെബ്രുവരിയിലാണ് നിലവിലുള്ള രണ്ടു വർഷക്കാലത്തെ എഗ്രിമെന്റിന്റെ കാലാവധി അവസാനിച്ചത്. ഇതിന്റെ വേജ് റിവിഷനെ സംബന്ധിച്ച് യൂണിയൻസ് മാനേജുമെന്റുമായി ചർച്ച നടത്തിവരികയാണ്. ഏതായാലും ഇതിനെക്കുറിച്ച് ഞാൻതന്നെ ഒരു കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ഒരുകാര്യം ബഹുമാനപ്പെട്ട മെമ്പറോട് പറയാൻ ഉദ്ദേശിക്കുകയാണ്. കോർപ്പറേഷന്റെ സാമ്പത്തിക പരിമിതിക്ക് അകത്തുനിന്നുകൊണ്ട് തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യാമെന്നു മാത്രമേ ഈ അവസരത്തിൽ ഞാൻ പറയുന്നുള്ളൂ.

(47) ഭൂരഹിതരായ ഹരിജനങ്ങൾക്ക് വീടു വയ്ക്കുന്നതിന് നൽകിവരുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന ആവശ്യം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം): സർ, നമ്മുടെ സംസ്ഥാനത്തെ ഭൂരഹിതരും ഭവന രഹിതരുമായിട്ടുള്ള ഹരിജനങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനുവേണ്ടി സർക്കാർ നൽകിവരുന്ന ഗ്രാന്റ് 20,000 രൂപയാണ്. ഭൂമിയുള്ളവർക്ക് വീട്വയ്ക്കുന്നതിന് നൽകിവരുന്നത് 15,000 രൂപയാണ്. ഈ സംഖ്യകൊ തികച്ചും അപര്യാപ്തമാണ്. ഇന്ന് സ്ഥലത്തിന്റെ വില വളരെയേറെ വർദ്ധിച്ചിരിക്കുകയാണ്. അതുപോലെ ഭവനനിർമ്മാണ സാമഗ്രികളുടെ വില താങ്ങാനാവാത്തവിധം വർദ്ധിച്ചിരിക്കുന്നു. അതുകൊണ്ട് തുടങ്ങിവച്ചിട്ടുള്ള നൂറുകണക്കിന് വീടുകളുടെ നിർമ്മാണം നമ്മുടെ സംസ്ഥാനത്തെ പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് പൂർത്തീകരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അതുകൊണ്ട് വീടില്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും സ്ഥലമില്ലാത്തവർക്ക് സ്ഥലം വാങ്ങി വീടു വയ്ക്കാനും ഇന്നു നൽകിവരുന്ന സംഖ്യ 15,000-ൽ നിന്നും 20,000 രൂപയും, 20,000 രൂപയിൽനിന്ന് 25,000 രൂപയുമാക്കി വർദ്ധിപ്പിക്കണമെന്ന് ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

LIBRARY ARCHIVES Kerala Legislative Assembly